Mathrubhoomi 31/12/2020.

# ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യും



തിരുവനന്തപുരം ▶ വൈദ്യുതിലാഭത്തിനായി കെ.എസ്.ഇ.ബി.യുടെയും ഇ.എം.സി.യുടെയും സംയുക്താഭിമുഖ്യത്തിൽ ഒരു കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുമെന്ന് വൈദ്യുതി മന്ത്രി എം.എം.മണി പറഞ്ഞു. എനർജി മാനേജ്മെൻറ് സെൻറർ സംഘടിപ്പിച്ച ഊർജസംരക്ഷണ പുരസ്കാര സമർപ്പണച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഒരു മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെലവിനേക്കാൾ വളരെ കുറവാണ് ഒരു മെഗാവാട്ട് സ്ഥാപിത ശേഷിക്ക് തുല്യമായ ഊർജലാഭം നേടിയെടുക്കുന്നത്. വൈദ്യുതി ഉത്പാദനത്തിനായി പുരപ്പുറ സൗരോർജ പദ്ധതികളും നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ സഹകരണ മന്ത്രി കടകംപള്ളി സുരേന്ദ്രൻ അധ്യക്ഷനായി. തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി.

കെ.എസ്.ഇ.ബി. എൽ.സി. എം.ഡി. എൻ.എസ്.പിള്ള, ഊർജസെക്രട്ടറി ഡോ. ദിനേശ് അറോറ, ചെറുവയ്ക്കൽ വാർഡ് കൗൺസിലർ ബിന്ദു എസ്.ആർ., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വി.സി.അനിൽകുമാർ, ഇ.എം.സി.ഡയറക്ടർ ഇൻ ചാർജ് ഡോ. ആർ.ഹരികുമാർ തുടങ്ങിയവർ സംസാരിച്ചു.